(ബി) ഇത്തരം തട്ടിപ്പ് ഭാഗ്യക്കുറികളിൽപ്പെട്ട് 2004-ൽ എത്രപേർ ആത്മഹത്യ ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

(സി) പ്രതിദിനം എത്ര അനധികൃത അന്യസംസ്ഥാന ഭാഗ്യക്കുറികളാണ് കേരളത്തിൽ വിൽപ്പന നടത്തുന്നത് എന്ന് വെളിപ്പെടുത്താമോ;

(ഡി) ഇത്തരം അനധികൃത ഭാഗ്യക്കുറികൾ നിയന്ത്രിക്കുന്നതിനായി ഭാഗ്യക്കുറി വകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തമാക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനത്തിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ—ബി) കൃത്യമായ കണക്കുകൾ ലഭ്യമല്ല.

(സി) ഏകദേശം 250 അനധികൃത ഭാഗ്യക്കുറികളുടെ വിൽപ്പന സംസ്ഥാനത്ത് നടന്നുവരുന്നു.

(ഡി) എൻഫോഴ്സ്മെന്റ് വിഭാഗം ശക്തമാക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

അനധികൃത ലോട്ടറി വിൽപ്പന

37 [3763] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തനം നടത്തുന്ന അനധികൃത ലോട്ടറി വിൽപ്പന തടയുവാൻ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടി വിശദീകരിക്കുമോ;

(ബി) കഴിഞ്ഞ ധനകാര്യവർഷം ഈ ഇനത്തിൽ എത്ര അനധികൃത ലോട്ടറി കച്ചവടം സംബന്ധിച്ച സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിൽ വകുപ്പുതല അന്വേഷണം നടക്കുന്ന സംഭവങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി—സി) 544 സംഭവങ്ങൾ കണ്ടെത്തുകയും വിവിധ പോലീസ് സ്റ്റേഷനുകളിൽ പരാതി നൽകുകയും ചെയ്തിട്ടുണ്ട്.

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം IV

[28-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 14 (3740)-ന്റെ ഉത്തരം ദയവായി കാണുക.]

ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസ നിധിയിൽ നിന്നും നാളിതുവരെ 3,39,24,806 രൂപ താഴെ പറയുന്ന ആവശ്യങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്.

| | ആവശ്യം | തുക |
|---|---|---|
| (i) | ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായുള്ള അടിയന്തിര ധനസഹായം | 25,00,000 |
| (ii) | ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കിടയിൽ അപകട മരണമടഞ്ഞ ഡോ. സാജുവിന്റെ കുടുംബാംഗങ്ങൾക്കുള്ള ധനസഹായം | 1,00,000 |
| (iii) | ശ്രീ. ജോസ്മോൻ ചെറിയാനുള്ള ചികിത്സാ ധനസഹായം | 25,000 |
| (iv) | ഗാന്ധിധാം കൈരളി ഇംഗ്ലീഷ് സ്കൂൾ പുനർ നിർമ്മാണം | 5,00,000 |
| (v) | ഗുജറാത്ത് ഗവ. പോളിടെക്നിക്കിന്റെ പുനർനിർമ്മാണത്തിനുള്ള ഒന്നാം ഗഡു ധനസഹായം | 3,00,00,000 |
| (vi) | കേരള സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷന് റീ-ഇംമ്പേഴ്സ്മെന്റ് ഇനത്തിൽ നൽകിയത് | 19,806 |
| (vii) | ഗുജറാത്ത് ഭൂകമ്പത്തിൽ മരണമടഞ്ഞ മലയാളികളുടെ കുടുംബാംഗങ്ങൾക്കുള്ള ധനസഹായം | 7,80,000 |
| | ആകെ രൂപ | 3,39,24,806 |

## അനുബന്ധം V

[28-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 37 (3763)-ന്റെ ഉത്തരം ദയവായി കാണുക.]

കേന്ദ്ര ഭാഗ്യക്കുറി (നിയന്ത്രണ) ചട്ടത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ സംസ്ഥാന ഭാഗ്യക്കുറി—ഓൺലൈൻ ഭാഗ്യക്കുറി (നിയന്ത്രണ) റൂൾ രൂപീകരിക്കുകയും തുടർന്ന്, ഒറ്റനമ്പർ ഭാഗ്യക്കുറികൾക്കും അനധികൃത ഭാഗ്യക്കുറികൾക്കുമെതിരെ നടപടി എടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 25-8-2003-ൽ ഡി. ജി. പി.-ക്കും ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകുകയും ചെയ്തു. അനധികൃത അന്യസംസ്ഥാന ഭാഗ്യക്കുറികൾക്കെതിരെ പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകിക്കൊണ്ട് 6-11-2003-ൽ പ്രമുഖ പത്രങ്ങളിൽ പരസ്യം നൽകി. ഇതിനെതിരെ അന്യസംസ്ഥാന ഭാഗ്യക്കുറി നടത്തിപ്പുകാർ ഹൈക്കോടതി സിംഗിൾ



LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം V—(തുടർച്ച)

ബഞ്ചിൽ നൽകിയ കേസ്സിൽ സർക്കാർ നടപടി ശരിവച്ച സാഹചര്യത്തിൽ അനധികൃത ഭാഗ്യക്കുറികടകൾ അടച്ചു പൂട്ടിക്കുന്നതിന് സാധിച്ചു. ഹൈക്കോടതി സിംഗിൾബഞ്ച് വിധിക്കെതിരെ ഭാഗ്യക്കുറി നടത്തിപ്പുകാർ ഡിവിഷൻ ബഞ്ചിൽ കേസ് ഫയൽ ചെയ്യുകയും, തുടർന്ന്, അന്യസംസ്ഥാന ഭാഗ്യക്കുറികൾ നിരോധിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടാമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ വ്യക്തമായ തെളിവുകൾ നിരത്തിക്കൊണ്ട് അനധികൃത ലോട്ടറികൾ നിരോധിക്കണമെന്ന് സർക്കാർ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടു. ഡിവിഷൻ ബഞ്ചിന്റെ അന്തിമ വിധിയിൽ ഇതുസംബന്ധിച്ച് സർക്കാർ എടുത്ത എല്ലാ നടപടികളും ശരിവയ്ക്കുകയുണ്ടായി. തുടർന്ന് ഭാഗ്യക്കുറി വകുപ്പിലെ ഉദ്യോഗസ്ഥന്മാർ അന്യസംസ്ഥാന ലോട്ടറികൾക്കെതിരെ സംസ്ഥാന വ്യാപകമായി റെയ്ഡ് നടത്തുകയും 50 കോടി രൂപയുടെ പേപ്പർ ഭാഗ്യക്കുറി ടിക്കറ്റുകൾ പിടിച്ചെടുക്കുകയും, 384 ഓൺലൈൻ ഭാഗ്യക്കുറി കടകൾ പൂട്ടി മുദ്രവയ്ക്കുകയും ചെയ്തു. തുടർന്ന് ഇതിനെതിരെ ഓൺലൈൻ ലോട്ടറി നടത്തിപ്പുകാർ സുപ്രീംകോടതിയെ സമീപിക്കുകയും, സ്റ്റേ ഓർഡർ സമ്പാദിക്കുകയും ചെയ്തു. സുപ്രീംകോടതി പുറപ്പെടുവിച്ച സ്റ്റേ ഉത്തരവ് നീക്കിക്കിട്ടാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനുപുറമേ, ഇത്തരം ലോട്ടറികളുടെ തട്ടിപ്പ് പൊതുജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനായി ദൃശ്യമാധ്യമങ്ങളിലൂടെ നിരവധി പരസ്യങ്ങളും സംപ്രേഷണം ചെയ്തുവരുന്നുണ്ട്.

## അനുബന്ധം VI

[28-7-2004-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 43 (3769)-ന്റെ ഉത്തരം ദയവായി കാണുക.]

### കേരള ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ ശാഖകളിൽ നടത്തുന്ന ബിസിനസ്സുകൾ സംബന്ധിച്ച വിവരങ്ങൾ

1. ചിട്ടി
2. ചിട്ടിലോൺ
3. ഗോൾഡ് ലോൺ
4. റിലയബിൾ കസ്റ്റമർ ലോൺ
5. ട്രേഡ് ലോൺ
6. പാസ്സ്ബുക്ക് ലോൺ
7. കൺസ്യൂമർ വെഹിക്കിൾ ലോൺ
8. ഹൗസിംഗ് ഫിനാൻസ് പദ്ധതി
9. ഫിക്സഡ് ഡിപ്പോസിറ്റ് ലോൺ
10. ഫിക്സഡ് ഡിപ്പോസിറ്റ്
11. സുഗമ സേവിംഗ്സ് പദ്ധതി
12. കാർ ലോൺ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly